**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1009** **10-08-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വന നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോർപറേറ്റുകൾക്ക് വനഭൂമിയിൽ യഥേഷ്ടം സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുംവിധം വന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | വനസംരക്ഷണ നിയമത്തിൽ ഭോദഗതി വരുത്തി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 04/08/2023 ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം വനത്തിന് നൽകിയിരുന്ന നിർവ്വചനത്തിൽ വ്യത്യാസം വരുത്തിയിട്ടുള്ളതായും നിർവ്വചനത്തിൽ ഉൾപ്പെട്ടു വരുന്ന പ്രദേശങ്ങളിൽ തന്നെ പ്രത്യേക ആവശ്യങ്ങളെ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള തായും കാണുന്നു. 2022 ലെ വന സംരക്ഷണ ഭേദഗതി ചട്ടം, വനഭൂമി, വനേതരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീക രിക്കേണ്ട നടപടികളും സമയക്രമ ങ്ങളും വിശദീകരിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പൂർവ്വാനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ സംസ്ഥാന സർക്കാർ മുഖേനയാണ് സമർപ്പിക്കേണ്ടത് എന്നതിനാൽ അപേക്ഷകളിന്മേൽ അനുമതി നൽകുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ